## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5937** **30.07.2015-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന് പദ്ധതി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വർക്കല കഹാർ
ശ്രീ.സി.പി.മുഹമ്മദ്

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചിട്ടുള്ളത്; | ബി) | പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കി ടി വിഭാഗത്തിന്റെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ ഇത് വഴി കഴിഞ്ഞിട്ടുണ്ട്. |
| സി) | പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്? | സി) | 2007-08-ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ല/താലൂക്ക് ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ചികിത്സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാൻ വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചത്. കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ പൂർണ്ണമായി വിനിയോഗിച്ച് |

| | | | |
|---|---|---|---|
| | | | കഴിഞ്ഞതിന് ശേഷം 2011-12-ൽ 5 കോടി രൂപ കോർപ്പസ് ഫണ്ടിൽ ടി പദ്ധതി തുടരുന്നതിന് വേണ്ടി അനുവദിച്ചു. ഈ തുകയും വിനിയോഗിച്ച് കഴിഞ്ഞതിന് ശേഷം 2012-13 മുതൽ സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക ശീർഷകം അനുവദിച്ച് ആവശ്യാനുസരണം തുക വകയിരുത്തി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. 2013-14 വർഷം 4 കോടി രൂപയും 2014-15 വർഷം 8.5 കോടി രൂപയും പദ്ധതിയ്ക്കായി വകയിരുത്തുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

Hariprasad

സെക്ഷൻ ഓഫീസർ